**അടിയന്തര പ്രമേയം**

**നയം മാറ്റവും ഇന്ധന-രാസവള സബ്സിഡി പുനഃപരിശോധനയും**

മി. സ്പീക്കർ: കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവിലയേക്കാൾ കൂടിയ വിലയ്ക്ക് സംസ്ഥാനങ്ങൾ ധാന്യങ്ങൾ സംഭരിക്കരുതെന്ന നയ മാറ്റവും ഇന്ധന-രാസവള സബ്സിഡി പുനഃപരിശോധിക്കുമെന്ന ഇന്നലത്തെ കേന്ദ്രബഡ്ജറ്റ് പ്രഖ്യാപനവും സംസ്ഥാനത്തെ കൃഷിക്കാർക്ക് തിരിച്ചടിയായിരിക്കുന്നു, ഉൽപ്പാദനച്ചെലവ് നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നതു മൂലം സംസ്ഥാനം നൽകിവരുന്ന തറവില ബോണസ്സും ഇല്ലാതാകുന്നതിനാൽ കൃഷിക്കാർ ഉത്ക്കണ്ഠാകുലരായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ.കെ. ശശീന്ദ്രൻ, കെ. കെ. നാരായണൻ, വി.എസ്. സുനിൽ കുമാർ, സി. കെ. നാണു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന മിനിമം സപ്പോർട്ട് പ്രൈസിനേക്കാൾ കൂടുതൽ വില അല്ലെങ്കിൽ കൂടുതൽ സബ്സിഡി സംസ്ഥാന ഗവൺമെന്റുകൾ കൊടുക്കരുത് എന്നുള്ള ഒരു വാർത്തയാണ് വന്നിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ഒരു തീരുമാനമെടുത്തതായിട്ടോ ബഡ്ജറ്റിൽ ഒരു പ്രഖ്യാപനം നടത്തുകയോ ചെയ്തിട്ടില്ല. പക്ഷെ ഇങ്ങനെയൊരു വാർത്ത വന്നിട്ടുണ്ട്. കൃഷി ഒരു സ്റ്റേറ്റ് സബ്ജക്ടാണ്. സ്റ്റേറ്റ് സബ്ജക്ടിൽ കേന്ദ്ര ഗവൺമെന്റിന് ഇങ്ങനെയൊരു

തീരുമാനം അടിച്ചേൽപ്പിക്കാൻ സാധിക്കില്ല. നമ്മൾ അത് അനുവദിക്കുകയുമില്ല. പക്ഷെ നമ്മുടെ കർഷകർ ആവശ്യപ്പെടുന്ന വില കേന്ദ്ര ഗവൺമെന്റ് തരേണ്ടിവരും. നമ്മളിവിടെ ഏറ്റവും കൂടുതൽ സംഭരിക്കുന്നത് നെല്ലാണ്. കേന്ദ്ര ഗവൺമെന്റിന്റെ മിനിമം സപ്പോർട്ട് പ്രൈസ് നിശ്ചയിക്കുന്ന ഔദ്യോഗിക ഏജൻസി കമ്മീഷൻ ഓഫ് അഗ്രിക്കൾച്ചർ കോസ്റ്റ് ആന്റ് പ്രൈസസ്സ് ആണ്. നെല്ലിന് ഈ ഏജൻസി നിശ്ചയിച്ചിരിക്കുന്ന വില 13 രൂപ 10 പൈസയാണ്. 13 രൂപ 10 പൈസയ്ക്ക് കേരളത്തിലെ നെൽകർഷരോട് നെല്ല് നൽകാൻ പറയാൻ നമുക്കൊരുവിധത്തിലുമുള്ള അവകാശവുമില്ല. കാരണം അവരുടെ കോസ്റ്റ് പ്രൈസിനോടൊപ്പം 30 % ആദായംകൂടി കണക്കിലാക്കിയാൽ 20 രൂപയെങ്കിലും നൽകേണ്ടിവരും. നമ്മൾ ഈ വർഷം 19 രൂപയ്ക്കാണ് നെല്ല് സംഭരിച്ചത്. ഇതിൽ 5 രൂപ 90 പൈസ സ്റ്റേറ്റ് സബ്സിഡിയാണ്. അതുകൊണ്ട് കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിന്റെപേരിൽ ഏകപക്ഷീയമായ ഒരു തീരുമാനം സംസ്ഥാനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ കേന്ദ്രത്തിന് നിയമപരമോ ധാർമ്മികമോ ആയ അവകാശമില്ല. അതേസമയം കർഷകന് ലാഭകരമായ ഒരു വില നിശ്ചയിച്ച് കേന്ദ്രം ഏറ്റെടുക്കാൻ തയ്യാറാകുമെങ്കിൽ അത് കർഷകരും സംസ്ഥാനവും ഒരുപോലെ സ്വാഗതം ചെയ്യും. അതുപോലെതന്നെ ഈ അടിയന്തരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന മറ്റൊരു കാര്യം രാസവളങ്ങളുടെ സബ്സിഡി കുറയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നുള്ളതാണ്. അങ്ങനെയൊരു തീരുമാനം വന്നിട്ടില്ല. സബ്സിഡികൾ പുനഃപരിശോധിക്കേണ്ടിവരുമെന്ന ഒരു സൂചനയാണ് ബഡ്ജറ്റിലുള്ളത്. ബഡ്ജറ്റിൽ വച്ചിട്ടുള്ള തുക ഇന്നത്തെ സബ്സിഡി തുടരുന്നതിന് സഹായകരമായിട്ടുള്ളതല്ല. അപ്പോൾ ആ തുക വർദ്ധിപ്പിക്കുമെ

ന്നുള്ളതാണ് പുനഃപരിശോധനയെങ്കിൽ നമുക്ക് എതിർപ്പില്ല. അതല്ല സബ്സിഡി പൂർണ്ണമായും കൊടുക്കാൻ സാധിക്കാത്തവിധത്തിൽ സബ്സിഡിത്തുക വെട്ടിക്കുറയ്ക്കുകയാണെങ്കിൽ അത് പ്രതിഷേധാർഹവുമാണ്. ഏതായാലും ഈ രണ്ട് കാര്യത്തിലും കേന്ദ്രഗവൺമെന്റിന്റെ തീരുമാനം സംസ്ഥാന ഗവൺമെന്റ് പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ കർഷകരുടെ താൽപര്യം സംരക്ഷിക്കാൻ നമുക്ക് ഒറ്റക്കെട്ടായി നിൽക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്ന പുതിയ നയം എന്നാണ് ഞാൻ പറഞ്ഞത്. ആ ധാന്യ സംഭരണ നയം നടപ്പിലാക്കുകയാണെങ്കിൽ കേരളത്തിലെ നെൽക്കൃഷിക്കാരുടെ സ്ഥിതി അങ്ങേയറ്റം പരിതാപകരമായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴിവിടെ പറഞ്ഞത് ഇത്തരത്തിൽ ഒരു വാർത്ത മാത്രമാണ് നിലവിലുള്ളത് എന്നാണ്. കഴിഞ്ഞ ജൂൺ മാസം 12-–ാം തീയതി Ministry of Consumer Affairs Food and Public Distribution Department–ലെ ജോയിന്റ് സെക്രട്ടറി ശ്രീ. യു. കെ. എസ്. ചൗഹാൻ എല്ലാ സംസ്ഥാനങ്ങൾക്കും ഒരു കത്തയച്ചിട്ടുണ്ട്, എന്നുമാത്രമല്ല രണ്ടാഴ്ചമുമ്പ് സംസ്ഥാന ഭക്ഷ്യ വകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുകയുണ്ടായി. ആ സമ്മേളനത്തിൽ നമ്മുടെ ഭക്ഷ്യ വകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ഈ പ്രശ്നം ചർച്ചയ്ക്ക് വരികയും നമ്മുടെ മന്ത്രി ഇക്കാര്യത്തിൽ ആശങ്ക അറിയിക്കുകയും ചെയ്തു എന്നുമാണ് വാർത്തകളിൽ കണ്ടത്. അത്രയൊക്കെ കാര്യങ്ങൾ നടന്നിട്ടും ഇതൊരു വാർത്ത മാത്രമാണ് എന്നാശ്വസിക്കാൻ മുഖ്യമന്ത്രിയെ പ്രേരിപ്പിച്ച ഘടകമെന്താണ് എന്നതിനെക്കു

റിച്ച് ആലോചിക്കുമ്പോഴാണ് കർഷകസമൂഹം നേരിടാൻ പോകുന്ന ദുരന്തത്തെക്കുറിച്ച് നമുക്ക് അങ്കലാപ്പുണ്ടാകുന്നത്. കേന്ദ്ര സർക്കാരിന്റെ പുതിയ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റ് നിശ്ചയിക്കുന്ന താങ്ങുവിലയെക്കാൾ ഒരു രൂപപോലും കൂടുതൽ ബോണസ്സായി സംസ്ഥാന സർക്കാരുകൾ നൽകാൻ പാടില്ല എന്നാണ്. ഇത് സംസ്ഥാന സർക്കാരിന്റെമേലുള്ള ഒരു കടന്നാക്രമണംതന്നെയാണ്. അങ്ങനെയൊരു കടന്നാക്രമണം ഉണ്ടായിട്ടും അത് ഭക്ഷ്യ വകുപ്പുമന്ത്രിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടും അതിനെ ചെറുക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി ഇവിടെ ആർക്കും പറയാൻ കഴിഞ്ഞിട്ടില്ല. വികേന്ദ്രീകൃത ധാന്യ സംഭരണമില്ലാത്ത സംസ്ഥാനങ്ങളിൽ താങ്ങുവിലയ്ക്ക് പുറമെ ബോണസ്സ് അനുവദിച്ചാൽ സംഭരണത്തിൽ എഫ്.സി.ഐ. പങ്കെടുക്കുകയില്ല, ധാന്യങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനുമുള്ള എല്ലാ നടപടികളും സംസ്ഥാനങ്ങൾ ഉറപ്പാക്കേണ്ടിവരും. അത്രയും കർശനമായ ഒരു നിർദ്ദേശമാണ് കേന്ദ്രഗവൺമെന്റ് എഴുതി അയച്ചിട്ടുളളത്. അതിന്റെ അർത്ഥമെന്താണ്; നാം ഇപ്പോൾ സംഭരിക്കുന്ന നെല്ലിന് നൽകുന്ന 19 രൂപയും സംസ്ഥാന ഗവൺമെന്റുതന്നെ നൽകേണ്ടിവരുമെന്നാണ്. കേന്ദ്രം ഇക്കാര്യത്തിൽ സഹകരിക്കില്ലെന്നുപറഞ്ഞാൽ ഇപ്പോൾ അവർ നൽകുന്ന 13 രൂപ 10 പൈസ നൽകുകയില്ല എന്നാണ്. അത്തരമൊരു വമ്പിച്ചഭാരം സംസ്ഥാന സർക്കാരിന്റെമേൽ വന്ന് പതിക്കാനിടയാകുന്ന ഒരു സാഹചര്യത്തെ ഇത്ര ലാഘവത്തോടുകൂടി കാണാൻ ഈ സർക്കാരിനല്ലാതെ മറ്റാർക്കാണ് കഴിയുക; അതുപോലെതന്നെ കാർഷിക മേഖലയിലെ വില നിർണ്ണയ കമ്മിഷനാണ് ഈ നിർദ്ദേശം മുന്നോട്ടുവച്ചത്. അവർ കൃത്യമയി കത്തെഴുതി അയച്ചിട്ടുണ്ട്; ഈ നിർദ്ദേശം പാലിക്കുന്നില്ലെങ്കിൽ, – including

the arrangements to be made for storage and procurement and distribution of food grains – എന്നാണ്. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും സംസ്ഥാന ഗവൺമെന്റുകൾ വഹിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ കാർഷിക മേഖല ഇപ്പോൾത്തന്നെ നേരിടുന്ന ദുരന്തത്തെക്കുറിച്ച് നാം വല്ലാതെ ഉത്ക്കണ്ഠപ്പെടുന്ന ഒരു കാലമാണ്. കർഷകരിൽനിന്നും സംഭരിച്ച നെല്ലിന്റെ വിലപോലും കൊടുക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെന്റിന് കഴി യുന്നില്ല. 400 കോടി രൂപയോളം കൊടുത്തുതീർക്കാനുണ്ട് എന്നുപറയു മ്പോൾ ഇത്ര വലിയൊരു ഭാരം വീണ്ടും ........ നിങ്ങളുടെ സഹായമൊന്നും ആവശ്യമില്ല, ഞങ്ങൾ സംഭരിച്ചുകൊള്ളാം, അതിനുള്ള കാശൊക്കെ ഞങ്ങൾ കണ്ടെത്തിക്കൊള്ളാം എന്നുപറയാനുള്ളത് സംസ്ഥാനത്തിന്റെ അധികാരം തന്നെയാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക സഹായമില്ലാതെ ഈ സംഭരണ നടപടികളുമായി എപ്രകാരമാണ് സംസ്ഥാന ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയുന്നത്; മുഖ്യമന്ത്രി പറഞ്ഞ ഒരു കാര്യം ശരിയാണ്. ഇത് പൂർണ്ണമായും സംസ്ഥാന സബ്ജക്ടാ ണ്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടിയാണ് ഭക്ഷ്യ വിതരണ മേഖലയിലെ ഏർപ്പാടുകൾ സംസ്ഥാനം നിർവ്വഹിക്കുന്നത് എന്നു ള്ളതുകൊണ്ടുതന്നെ സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നു കയറ്റം മാത്രമല്ല കേരളത്തിലെ പാവപ്പെട്ടവന്റെ 'പിച്ചച്ചട്ടിയിൽ മണ്ണ് വാരി ഇടുന്നതിന്' സമാനമായ ഒരു നിലപാടാണിത്. ഇവിടെ നമ്മൾ കഴിഞ്ഞ ദിവസം ചർച്ച ചെയ്തിരുന്നു. കാർഷികവൃത്തിയിൽനിന്നും കർഷകർ പിന്നോട്ടുപോകുന്നു, പുതിയ തലമുറ കാർഷിക മേഖലയിലേയ്ക്ക് കടന്നു വരാൻ തയ്യാറാകുന്നില്ല അവരെ ആ മേഖലയിലേയ്ക്ക് തിരിച്ചുകൊണ്ടു

വരണം. അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. അങ്ങനെയാണ് നമ്മളൊരു പുതിയ കാർഷിക വികസന നയം ചർച്ച ചെയ്ത് അംഗീകരിച്ചത്. ആ കാർഷിക വികസന നയത്തിൽ, 'അവകാശ ലാഭം' കൊടുക്കാൻ നമ്മൾ ആലോചിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇങ്ങനെയൊരു നിർദ്ദേശം വന്നാൽ അത് നമ്മുടെ നിലപാടുകൾക്കേറ്റ വലിയൊരു തിരിച്ചടിയാവുകയാണ്. അങ്ങനെ ഒരു തിരിച്ചടി ഉണ്ടാകുമ്പോൾ ഫലത്തിൽ എന്താണ് സംഭവിക്കുക; കേരളത്തിൽ 8 ലക്ഷം ഹെക്ടർ സ്ഥലത്ത് നെല്ലുൽപ്പാദിപ്പിച്ചിരുന്ന കർഷകനിപ്പോൾ രണ്ടര ലക്ഷം ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. നാളെ ആ ഭൂമിയാകെ തരിശായിടും. കേരളം നെല്ലുൽപ്പാദിപ്പിക്കുകയില്ല. കേരളം എന്ന സംസ്ഥാനം നെല്ല് കർഷകരുടെ ശവപ്പറമ്പായി മാറാനാണ് പോകുന്നത്. ഇത്രയും ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായതുകൊണ്ടാണ് ഈ പ്രശ്നം സഭാനടപടികൾ നിറുത്തിവച്ച് ചെയ്യണമെന്ന ഒരു പ്രമേയം ഞാനിവിടെ അവതരിപ്പിച്ചത്. അത് പറ്റില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. അതുകൊണ്ട് അദ്ദേഹം അത് സ്വീകരിക്കുമെന്നാണ് എന്റെ വിശ്വാസം.

മി. സ്പീക്കർ: മുഖ്യമന്ത്രി ഇപ്പോഴല്ല അത് പറയേണ്ടത്. ഏത് മന്ത്രിയാണെങ്കിലും രണ്ടാംവട്ട പ്രസംഗത്തിനുശേഷമാണ് അത് പറയേണ്ടത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: അങ്ങയുടെ നിർദ്ദേശം ശരിയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കഴിഞ്ഞ ഫുഡ് മിനിസ്റ്റേഴ്സിന്റെ മീറ്റിംഗിലുണ്ടായ ഒരു കാര്യം ബഹുമാനപ്പെട്ട എ.കെ. ശശീന്ദ്രൻ

ഇവിടെ പരാമർശിക്കുകയുണ്ടായി. അതിൽ അത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നുതന്നെ കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടില്ല. വിലക്കയറ്റം നിയന്ത്രിക്കാനുള്ള വിഷയങ്ങൾ ചർച്ചചെയ്യാൻ വേണ്ടിയാണ് അന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഭക്ഷ്യമന്ത്രിമാരുടെ യോഗം വിളിച്ചുചേർത്തത്. അതിൽ വിലക്കയറ്റം സംബന്ധിച്ച് ചർച്ചചെയ്യുന്ന കൂട്ടത്തിൽ, നെല്ലിന്റെ താങ്ങുവില പ്രഖ്യാപിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് നെല്ലിന് ഒരു താങ്ങുവില കൊടുക്കുന്നുണ്ട്. ഏതാണ്ട് ഏഴോളം സംസ്ഥാനങ്ങൾ ഇന്ന് കേന്ദ്ര എം.എസ്.പി.-യേക്കാൾ വർദ്ധിതമായ നിലയിൽ ബോണസ് കൊടുക്കുന്നുണ്ട്. അതിലൊന്ന് കേരളമാണ്. അങ്ങനെ ബോണസ് കൊടുക്കുന്ന സാഹചര്യങ്ങളിൽ, അരിയുടെ വിപണിവില വർദ്ധിക്കാൻ ഇടയാകുന്നുണ്ടെന്ന നിലയിൽ യൂണിയൻ സെക്രട്ടറി ഒരു പരാമർശം നടത്തിയ സന്ദർഭത്തിൽ, സംസ്ഥാന ഗവൺമെന്റ് സൂചിപ്പിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ, കർഷകരുടെ താൽപ്പര്യമാണ് കേരളത്തെകൊണ്ട് ഇത്തരത്തിലുള്ള നിലപാടുകൾ എടുപ്പിക്കാൻ നിർബന്ധിതമാക്കുന്നതെന്നാണ്. കർഷകർക്ക് അവരുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കേണ്ട സാഹചര്യമുണ്ട്. കേരളത്തിൽ വർദ്ധിച്ചുവരുന്ന കൂലിച്ചെലവും അതോടൊപ്പംതന്നെ മറ്റ് വളങ്ങൾക്കുണ്ടാകുന്ന വിലവർദ്ധനവടക്കമുള്ള കാര്യങ്ങൾ ഗവൺമെന്റിന് പരിഗണിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് കേന്ദ്രസർക്കാർ നൽകുന്ന 13.10 എന്നുള്ളത് ഒട്ടും അനുയോജ്യമായൊരു വിലയല്ല. അതുകൊണ്ട് സ്വാഭാവികമായും കർഷകർക്ക് വിലവർദ്ധിപ്പിച്ചുകൊടുക്കേണ്ടതായിട്ടുണ്ട്. ആ നിലപാടിൽനിന്നും സംസ്ഥാന ഗവൺമെന്റിന് പിന്നോട്ടുപോകാൻ കഴിയില്ല എന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പരാമർശിച്ച കത്തിന്റെ കാര്യം എന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഒരു കത്ത് ലഭ്യമായാൽ അതുസംബന്ധിച്ച് പരിശോധന നടത്തി, വ്യക്തമായ മറുപടി കൊടുക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേന്ദ്രത്തിൽ നിന്നയച്ച കത്ത് ഭക്ഷ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പോലും വന്നിട്ടില്ല. കത്തിനെക്കുറിച്ചുള്ള അറിവ് വച്ചുനോക്കിയാൽ, അത് കേരളത്തെ ബാധിക്കുന്നതല്ല. കേരളം സംഭരിക്കുന്ന നെല്ല്, നമ്മുടെ ആവശ്യത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ മൂന്നിലൊന്നുപോലും ആകുന്നില്ല. കൂടുതൽ സബ്സിഡി കൊടുത്ത് സംസ്ഥാനങ്ങൾക്ക് ആവശ്യത്തിലുള്ളതിലധികം ധാന്യങ്ങൾ സംഭരിച്ചാൽ അത് മാർക്കറ്റിലുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അവർ അയച്ചിരിക്കുന്ന കത്തിൽ പറയുന്നത്. പഞ്ചാബ്, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളാണ് അവർക്ക് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ ധാന്യങ്ങൾ സബ്സിഡി കൊടുത്തുകൊണ്ട് സംഭരിച്ചത്. കേരളത്തെ സംബന്ധിച്ചിടത്തോളം, നമ്മുടെ നെല്ലുസംഭരണം നല്ലരീതിയിൽ നടക്കുന്നുണ്ട്. 10 വർഷങ്ങൾക്കുമുമ്പ്, സംഭരണം തുടങ്ങിയ വർഷം 52,378 മെട്രിക് ടണ്ണാണ് സംഭരിച്ചതെങ്കിൽ ഇക്കഴിഞ്ഞ ഒരു വർഷം 5.5 ലക്ഷം, അതായത് 10 ഇരട്ടിയിലധികം നമ്മൾ നെല്ല് സംഭരിച്ചിരിക്കുകയാണ്. എന്നാൽ ഇത്രയും സംഭരിച്ചിട്ടുപോലും നമ്മുടെ ആവശ്യത്തിന്റെ മൂന്നിലൊന്നുപോലും ആകുന്നില്ല. സബ്സിഡി കൊടുത്ത് ഓരോ സംസ്ഥാനങ്ങൾക്കും ആവശ്യമുള്ളതിൽ കൂടുതൽ നെല്ല് സംഭരിക്കുന്നതിനെക്കുറിച്ചാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നുമയച്ച കത്തിൽ പരാമർശിച്ചിട്ടുള്ളത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നോൺ ഡി.സി.പി. സ്റ്റേറ്റ്സ് എന്നു പറഞ്ഞാൽ വികേന്ദ്രീകൃത ധാന്യസംഭരണം ഇല്ലാത്ത സംസ്ഥാനങ്ങൾ എന്നാണ്. ആ സ്റ്റേറ്റുകളിൽ ഉൾപ്പെടുന്നത് കേരളം, ഛത്തീസ്ഗഡ്, മദ്ധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം കേരളം സംഭരിക്കുന്ന നെല്ല് നമ്മുടെ ആവശ്യത്തിനുപോലും തികയുന്നില്ലെന്ന് എല്ലാവർക്കും അറിയാം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളം നെല്ല് സംഭരിക്കുമ്പോൾ കൊടുക്കേണ്ടിവരുന്ന വില കൂടുതൽ കേന്ദ്ര ഗവൺമെന്റ് തരുമെന്ന പ്രത്യാശയാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഒരു പ്രത്യാശയുമില്ല. കേന്ദ്ര ഗവൺമെന്റ് അവരുടെ ഇഷ്ടാനുസരണം വില നിശ്ചയിക്കുകയും സംസ്ഥാനങ്ങളോട് ഇവിടത്തെ കർഷകർക്ക് സബ്സിഡി കൂട്ടിക്കൊടുക്കാൻ പാടില്ലായെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാൻ കേരളം തയ്യാറല്ല എന്നാണ് പറഞ്ഞത്. കേരളത്തിലെ നെല്ലുസംഭരണത്തെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് എടുത്തിരിക്കുന്ന നിലപാട് കർഷകർക്ക് 20 രൂപയെങ്കിലും ഒരു കിലോ നെല്ലിന് കിട്ടണമെന്നാണ്. നമ്മൾ 19 രൂപ വരെ നെല്ലിന് വില കൊടുക്കുന്നു. അങ്ങനെ 19 രൂപക്ക് നെല്ല് കൊടുക്കുമ്പോൾ കേരളത്തിന്റെ ബാദ്ധ്യത ഒരു കിലോയ്ക്ക് 5 രൂപ 90 പൈസയാണ്. ഈ വർഷം നമ്മുടെ സബ്സിഡി ബാദ്ധ്യത 312 കോടി രൂപയാണ്. ഇവിടത്തെ നെൽകർഷകരെ

സംരക്ഷിക്കാൻ വേണ്ടി, അവർക്ക് സഹായം നൽകാൻ വേണ്ടി, കാരണം നമ്മുടെ മുഖ്യആഹാരമായിട്ടുള്ള അരിയുടെ ഉൽപ്പാദനം നെല്ലിൽ നിന്നാണ്, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട ഒരു കൃഷിയാണ് നെല്ല്. ആ കൃഷിയെ നമുക്ക് സംരക്ഷിച്ചേ മതിയാകൂ. അതു കൊണ്ടാണ് നമ്മൾ ഇത് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് ഇങ്ങെനെയൊരു നിയമം, ഇങ്ങനെ ഒരു നിർദ്ദേശം വച്ചാൽ, നമ്മൾ അംഗീകരിക്കണമെന്നുണ്ടെ ങ്കിൽ ഒറ്റ വ്യവസ്ഥയെ ഉള്ളൂ. അത് ഇവിടത്തെ കർഷകർക്ക് ന്യായമായ വില ഉറപ്പുപറയുന്ന സാഹചര്യത്തിൽ മാത്രമായിരിക്കും. കൊപ്രാ സംഭരണത്തിൽ മില്ലിംഗ് കൊപ്രയുടെ വില ക്വിന്റലിന് 5250 രൂപയാണ്, ബോൾ കൊപ്രയുടെ വില 5500 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് ഒരു തേങ്ങയുടെ വിലയുമായി കൂട്ടി വരുമ്പോൾ 14-14.5 രൂപയേ ആകുന്നുള്ളൂ. ഒരു നാളികേര കർഷകന് ഇന്നിത് ലാഭകരമാകണമെന്നുണ്ടെങ്കിൽ ഒരു തേങ്ങയ്ക്ക് 21 രൂപയെങ്കിലും കിട്ടണം. നാളികേരത്തിന്റെ കാര്യത്തിലാ യാലും നെല്ലിന്റെ കാര്യത്തിലായാലും മിതമായ, ന്യായമായ വില ഉറപ്പാക്കു കയാണെങ്കിൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവരുന്ന നിർദ്ദേശത്തെ നല്ല നിർദ്ദേശമായി ഗവൺമെന്റ് കാണും. അല്ലാതെ, അവരുടെ ചില നിബന്ധന കൾ വച്ചുകൊണ്ട്, പ്രൈസസ്സ് കമ്മീഷൻ ഇഷ്ടാനുസരണം വില നിശ്ചയിക്കു കയാണെങ്കിൽ അതിനോട് സംസ്ഥാന ഗവൺമെന്റിന് യോജിക്കാൻ പറ്റില്ല, അതിനെ ഗവൺമെന്റ് അംഗീകരിക്കില്ല, അതുസംബന്ധിച്ച് ഒരു ആശങ്കയും വേണ്ട എന്ന് ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. രാസവളത്തിന്റെ സബ്സിഡി കുറയ്ക്കരുത് എന്നുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. അക്കാര്യത്തിലും ചില സൂചനകളൊക്കെ പറയുന്നതല്ലാതെ, ഔദ്യോഗികമായ

ഒരു തീരുമാനവും ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. പക്ഷേ ഇന്ന് ബഡ്ജറ്റ് വിഹിതത്തിൽ വച്ചിരിക്കുന്ന തുക വച്ചുനോക്കിയാൽ ഇന്നത്തെ തോതിൽ സബ്സിഡി തുടരാൻ അവർക്ക് സാധിക്കില്ല. 69,700 കോടി രൂപയാണ് രാസവള സബ്സിഡിക്കുവേണ്ടി മാറ്റി വച്ചിരിക്കുന്നത് എന്നാണ് മനസ്സിലാക്കുന്നത്. ഒരു ലക്ഷം കോടി രൂപയെങ്കിലും ഇന്നത്തെ നിലയിൽ സബ്സിഡി തുടരുന്നതിന് ആവശ്യമാണ് എന്നാണ് സംസ്ഥാനം മനസ്സിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നിശ്ചയമായും അതനുസരിച്ച് ചെയ്യേണ്ടിവരും. പുന:പരിശോധന എന്നാണ് പറഞ്ഞിരിക്കുന്നത്. പഴയതുപോലെ ആക്കാനാണ് പുന:പരിശോധനയെങ്കിൽ നമുക്ക് സ്വീകാര്യമല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഡ്ജറ്റ് വിഹിതം വെട്ടിക്കുറച്ചല്ലോ?

ശ്രീ. ഉമ്മൻ ചാണ്ടി: പുന:പരിശോധന എന്നത് അത് വർദ്ധിപ്പിക്കാനാണെങ്കിൽ നമ്മൾ അതിനെ സ്വാഗതം ചെയ്യുന്നതാണ്. അല്ലാതെ അതിനെ വെട്ടിക്കുറയ്ക്കാനാണെങ്കിൽ അതിനോട് ഗവൺമെന്റിന് യോജിപ്പില്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപ്പാടാണുള്ളത്. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഗവൺമെന്റിന് അഭിപ്രായമില്ല എന്നുകൂടി വ്യക്തമാക്കുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നിലവിലുള്ള കേന്ദ്രഗവൺമെന്റിന്റെ സമീപനമനുസരിച്ച് നെല്ലുസംഭരണത്തിന് അല്പംപോലും വില കൂടുതൽ തരാൻ തയ്യാറാകാതിരിക്കുന്ന സാഹചര്യ

ത്തിൽ സ്വാഭാവികമായും അതിനെതിരെ ശക്തമായി പ്രതിഷേധിക്കേണ്ടതും അതിനെതിരായിട്ടുള്ള നിലപാട് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ടതുമാണ്. അത്തരത്തിൽ അസന്നിഗ്ദ്ധമായ നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കാണുന്നില്ല. ഇതിനുമുമ്പുള്ള സ്ഥിതിഗതികൾ പരിശോധിച്ചാൽ, കോൺഗ്രസ് കേന്ദ്രം ഭരിച്ചുകൊണ്ടിരുന്ന കാലത്ത് ഇൻഡോനേഷ്യയിലെ ബാലിയിൽ ഒരു സമ്മേളനം നടന്നപ്പോൾ നിലവിലുള്ളതിനെക്കാൾ 10 ശതമാനത്തിൽ കൂടുതൽ യാതൊരു കാരണവശാലും വില കൂട്ടിക്കൊടുക്കരുതെന്ന തീരുമാനം കേന്ദ്രമന്ത്രി ശ്രീ. ആനന്ദ് ശർമ്മയുംകൂടി ചേർന്നെടുത്തതാണ്. അങ്ങനെയുള്ള തീരുമാനം അന്തർദേശീയമായിട്ടെടുത്തതിൽ പങ്കാളിയായ കോൺഗ്രസിന് ഇപ്പോൾ വർദ്ധനവുണ്ടായാൽ ആ വർദ്ധനവിന് അനുയോജ്യമായ തരത്തിലുള്ള നിലപാട് സ്വീകരിക്കാനേ കഴിയൂ എന്ന അർത്ഥമല്ലാതെ അസന്നിഗ്ദ്ധമായി അതിനെ എതിർത്തുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യാൻ ഞങ്ങൾ സന്നദ്ധമാണ് എന്ന നിലയിലുള്ള അഭിപ്രായം മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിക്കാണുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കേന്ദ്രഗവൺമെന്റിന്റെ അന്നത്തെ ആ തീരുമാനത്തെ എതിർത്തുകൊണ്ട് ഇവിടെ സബ്സിഡി കൊടുക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ഈ വർഷത്തെ സബ്സിഡിയുടെ ബാധ്യത 312 കോടി രൂപയാണ്. കോൺഗ്രസ് അവിടെ ഭരിക്കുന്ന കാലത്തും ഇവിടത്തെ കർഷകരുടെ താല്പര്യത്തോടൊപ്പം നിൽക്കാൻ സാധിച്ച ഈ ഗവൺമെന്റിന് ഇന്ന് കേന്ദ്രഗവൺമെന്റ് തീരുമാനിച്ചാൽ ആ തീരുമാനം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കുമെന്ന് അങ്ങ് ഒരിക്കലും ഭയപ്പെടേണ്ട.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, ഇപ്പോൾ ഗവൺമെന്റ് എന്ത് നില പാടാണ് സ്വീകരിക്കാൻ പോകുന്നത് എന്നതുസംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിന് ഒരു വ്യക്തമായ നിലപാട് ഇല്ല. ഇത് സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യമാണ് അദ്ദേഹം ഉന്നയിച്ചിരിക്കുന്നത്. കൃഷിക്കാർക്ക് സംഭരിച്ച നെല്ലിന്റെ വില കൊടുക്കാത്ത സാഹചര്യം നിലനിൽക്കുമ്പോൾ ഇതുസംബ ന്ധിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നതാണ് നിങ്ങ ളുടെ നിലപാട്. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള ആവശ്യം തന്നെയാണ് ഞങ്ങൾക്കുമുള്ളത് എന്നുപറയാനുള്ള ധൈര്യം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായിക്കാണുന്നില്ല. അങ്ങനെയൊരഭിപ്രായം ഗവൺമെന്റിനുണ്ടോ; അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്ന് അറിയേണ്ടതായിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞങ്ങൾ ചർച്ചയിലല്ല, പ്രവൃത്തിയിലാണ് വിശ്വസിക്കുന്നത്. കർഷകരിൽനിന്നും സംഭരിച്ച നെല്ലിന് വില കൊടുക്കാത്ത തിനെക്കുറിച്ച് പറഞ്ഞു. 800 കോടി രൂപയുടെ നെല്ല് (അഞ്ചര ലക്ഷം ടൺ) സംഭരിച്ചതിൽ 700 കോടി രൂപയും കൊടുത്തിരുന്നു. കുടിശ്ശികയുണ്ടായി രുന്ന 100 കോടി രൂപ ഇന്നലെ കൊടുത്തുതീർത്തു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, അടിയന്തരപ്രമേയത്തെ സംബന്ധി ച്ചുള്ള അങ്ങയുടെ നിലപാട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെ ന്നാണോ; ഗവൺമെന്റിന്റെയും അഭിപ്രായം വില കൂട്ടിക്കൊടുക്കണമെന്നു തന്നെയാണെങ്കിൽ അടിയന്തരപ്രമേയത്തിന് പ്രസക്തി വരികയാണ്. ഭരണ–പ്രതിപക്ഷ കക്ഷികളെല്ലാം ഒറ്റക്കെട്ടായി കേന്ദ്രഗവൺമെന്റിന്റെ ഈ നയത്തിൽ പ്രതിഷേധിക്കുന്നു എന്നുവരും. അങ്ങനെയൊരു നിലപാട് സ്വീക

രിക്കാൻ സന്നദ്ധമാണോ; അതോ ബാലി സമ്മേളനത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള ഭംഗ്യന്തരേണയുള്ള ബാധ്യത ഏൽക്കുന്നതായി കരുതണമോ; എന്താണ് ചെയ്യേണ്ടതെന്നുള്ളത് ഒന്നുകൂടി വ്യക്തമാക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ വ്യക്തമാക്കിയിരുന്നു; ഇതുസംബന്ധിച്ച് ഒരു പത്രവാർത്ത വന്നിട്ടേയുള്ളൂ. ഇത് പ്രായോഗിക തലത്തിൽ വന്നാൽ എതിർക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അഭിപ്രായം പറയാൻ കഴിയില്ല. ഇത് സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന കാര്യമാണ്. കേന്ദ്രത്തിന്റ പരിധിയിൽപ്പെട്ട കാര്യമല്ല. നമ്മുടെ കർഷകർക്കെല്ലാം ന്യായമായ വില കൊടുക്കാമെന്ന് കേന്ദ്രഗവൺമെന്റ് പറഞ്ഞാൽ അതിനെ എതിർക്കില്ല. പക്ഷേ ഇതുവരെ നിശ്ചയിച്ചതുപോലെ 13.10 രൂപ എന്നത് 50 പൈസ കൂട്ടാം, എന്നാൽ സംസ്ഥാന ഗവൺമെന്റ് ഒന്നും കൊടുക്കരുത് എന്നുപറഞ്ഞാൽ നമ്മൾ അംഗീകരിക്കുകയില്ല. ഇവിടത്തെ നെൽകർഷകന് കൃഷി ആദായകരമായി നടത്തുന്നതിന് ആവശ്യമായ തുക സംസ്ഥാന ഗവൺമെന്റ് സബ്സിഡിയായി നൽകുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. വി.എസ്. അച്ചുതാനന്ദൻ: സർ, കൂടുതൽ കൊടുക്കുന്ന വില സബ്സിഡിയായി കൊടുക്കാം എന്ന് പറഞ്ഞ സാഹചര്യത്തിൽ, ഇതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യണമെന്ന് ഉദ്ദേശിച്ചിരുന്നെങ്കിലും ഇപ്പോൾ ചെയ്യുന്നില്ല.